# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 191 — 18.06.2013 ൽ മറുപടിയ്ക്ക്

## 2013 ലെ കേരള സഹകരണ സംഘം നിയമഭേദഗതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീമതി. കെ.കെ. ലതിക<br>ശ്രീ. കെ. കെ. നാരായണൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) 97-ാം ഭരണഘടനാ ഭേദഗതിയുടെ പ്രസക്തഭാഗങ്ങൾ ബഹു. ഗുജറാത്ത് ഹൈക്കോടതി റദ്ദു ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഉണ്ടെങ്കിൽ മേൽ ഭരണഘടനാ ഭേദഗതിയുടെ അടിസ്ഥാനത്തിൽ വരുത്തിയ 2013-ലെ കേരള സഹകരണ സംഘം നിയമ ഭേദഗതി നിലനിൽക്കുന്നതാണോ; | (ബി) 2013-ലെ കേരള സഹകരണ സംഘം നിയമ ഭേദഗതി നിലനിൽക്കുന്നതാണ്. |
| (സി) 2013- ലെ കേരള സഹകരണ സംഘം നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങളുടെ ഓഡിറ്റ് പൂർത്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) സഹകരണ സംഘങ്ങളുടെ 2012-13 വർഷം വരെയുള്ള ഓഡിറ്റ് 30.09.2013 നകം തീർക്കുന്നതിലേയ്ക്കായി സഹകരണ ഓഡിറ്റ് കുടിശ്ശിക നിവാരണ കർമ്മപദ്ധതി 2013 ഏപ്രിൽ മുതൽ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ്. ഓഡിറ്റ് കുടിശ്ശിക കൂടുതലുള്ള സർക്കിളുകളിൽ ക്യാമ്പ് ഓഡിറ്റ് സംഘടിപ്പിച്ചും, ഇടപാടുകൾ കൂടുതലുള്ള സ്ഥാപനങ്ങളിൽ ടീം ഓഡിറ്റ് നടത്തിയും ഓഡിറ്റ് പൂർത്തിയാക്കുന്നുണ്ട്. സഹകരണ |

വകുപ്പിന്റെ ഭരണ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരേയും ചില ജില്ലകളിൽ സർവീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരേയും താല്ക്കാലിക അടിസ്ഥാനത്തിൽ ഓഡിറ്റ് ചെയ്യുന്നതിന് നിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് കുടിശ്ശിക നിവാരണ കർമ്മ പദ്ധതിക്കായി രൂപീകരിച്ചിട്ടുള്ള സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റിയും, ജില്ലാതല കമ്മിറ്റികളും, താലൂക്ക്തല കമ്മിറ്റികളും, ജില്ലാ കളക്ടർ അധ്യക്ഷനായ ഓഡിറ്റ് റിവ്യൂ കമ്മിറ്റിയും യോഗം ചേർന്ന് പുരോഗതി വിലയിരുത്തിയിട്ടുണ്ട്.

| | | |
|---|---|---|
| (ഡി) | മേൽ ഭേദഗതി കേരളത്തിലെ സഹകരണ വകുപ്പ് ഓഡിറ്റ് വിഭാഗത്തെ എപ്രകാരമാണ് ബാധിക്കുന്നത്; വ്യക്തമാക്കുമോ; | (ഡി) എല്ലാ അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടേയും ഫിനാൻഷ്യൽ അക്കൗണ്ടുകൾ, സഹകരണ ഓഡിറ്റ് ഡയറക്ടർ അംഗീകരിച്ച് നൽകുന്ന പാനലിലുള്ള ഓഡിറ്റ് ഫേമുകൾ ആയിരിക്കും ഓഡിറ്റ് ചെയ്യുന്നത്. അസിസ്റ്റഡ് അപ്പക്സ് സഹകരണ സ്ഥാപനങ്ങളുടെ ഭരണ കാര്യങ്ങളും ബന്ധപ്പെട്ട അക്കൗണ്ടുകളും ഓഡിറ്റ് ചെയ്യുന്നത് സഹകരണ ഓഡിറ്റ് ഡയറക്ടർ അംഗീകരിച്ചു നൽകുന്ന പാനലിൽ നിന്നും സഹകരണ വകുപ്പിന്റെ ഓഡിറ്റർമാരായിരിക്കും. എല്ലാ സഹകരണ സംഘങ്ങളുടെയും ഓഡിറ്റ് നിർവ്വഹിക്കുന്നതിനായി സഹകരണ ഓഡിറ്റ് ഡയറക്ടർ അംഗീകരിച്ച് നൽകുന്ന പാനലിൽ നിന്നുള്ള ഓഡിറ്റർമാരെ സംഘം പൊതുയോഗം നിയമിക്കേണ്ടതാണ്. ഇപ്രകാരം നിയമിക്കപ്പെടേണ്ട ഓഡിറ്റർമാരുടെ യോഗ്യതയും പരിചയവും നിശ്ചയിച്ച് പാനൽ തയ്യാറാക്കേണ്ടതുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | ഓഡിറ്റ് വിഭാഗം പുന:സംഘടിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഇ) | ഓഡിറ്റ് വിഭാഗം പുന:സംഘടിപ്പിക്കാൻ ഇപ്പോൾ നടപടി സ്വീകരിച്ചിട്ടില്ല. |
| (എഫ്) | നിയമ ഭേദഗതിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് വിഭാഗത്തിലെ എത്ര തസ്തികകൾ നഷ്ടപ്പെട്ടു; വ്യക്തമാക്കാമോ? | (എഫ്) | നിയമ ഭേദഗതിയിലൂടെ ഇതിനകം തസ്തികകൾ നഷ്ടപ്പെട്ടിട്ടില്ല. എന്നാൽ അപ്പക്സ് സ്ഥാപനങ്ങളുടെ കണക്കുകളുടെ ഫിനാൻഷ്യൽ ഓഡിറ്റ്, ഓഡിറ്റ് ഫേമുകൾ ചെയ്യുന്നതിനാൽ ടി തസ്തികകളിൽ കുറവ് വരാം. പ്രസ്തുത സ്ഥാപനങ്ങളിൽ ഭരണപരമായ ഓഡിറ്റ് (Administrative Audit) വകുപ്പിലെ ഓഡിറ്റർമാർ നിർവ്വഹിക്കുമെന്നതിനാൽ തസ്തികകൾ പൂർണ്ണമായി നഷ്ടപ്പെടില്ല. |

സെക്ഷൻ ഓഫീസർ